ctjedayur@gmail.com



സി.ടി ജഅ്ഫർ എടയൂർ

# നന്ദി പ്രകാശനം അല്ലാഹുവിന് ഏറെ ഇഷ്ടം

عَنْ أَنَسِ بْنِ مَالِكٍ رضي الله عنه قَالَ: قَالَ رَسُولُ اللَّهِ ﷺ إِنَّ اللَّهَ لَيَرْضَى عَنِ الْعَبْدِ أَنْ يَأْكُلَ الأَكْلَةَ فَيَحْمَدَهُ عَلَيْهَا

أَوْ يَشْرَبَ الشَّرْبَةَ, فَيَحْمَدَهُ عَلَيْهَا ,

അനസുബ്നു മാലികി(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "നിശ്ചയം, ഒരു ദാസൻ ആഹാരം കഴിക്കുകയും അല്ലെങ്കിൽ പാനീയം കുടിക്കുകയും അതിന്റെ പേരിൽ അല്ലാഹുവെ സ്തുതിക്കുകയും ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു" (മുസ്‌ലിം)

സൃഷ്ടികൾക്ക് ആവശ്യമായതും രുചിയിലും നിറത്തിലും ആകൃതിയിലുമെല്ലാം വൈവിധ്യം പുലർത്തുന്നതുമായ അന്നപാനീയങ്ങൾ ഒരുക്കിത്തന്നുവെന്നത് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. ഈ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അതിന് അർഹമായ രൂപത്തിൽ അവനോട് നന്ദികാണിക്കണമെന്ന് ഖുർആനും പ്രവാചക വചനങ്ങളും ഉണർത്തുന്നുണ്ട്. അത് അല്ലാഹുവിന് ഏറെ ഇഷ്ടകരവും അവന്റെ തൃപ്തി കരസ്ഥമാക്കാൻ ഉതകുന്നതുമാണ് .

അബൂഉമാമയിൽ നിന്ന് നിവേദനം: "നബി (സ) ഭക്ഷണ ത്തളിക എടുത്തുകൊണ്ടുപോയാൽ ഇപ്രകാരം പറയും: സർവ സ്തുതിയും അല്ലാഹുവിന്നാണ്. അവനെ കൂടുതലായി ഞാൻ സ്തുതിക്കുന്നു. അവൻ പരിശുദ്ധനും നന്മനിറഞ്ഞവനുമാണ്. അവന്റെ അനുഗ്രഹങ്ങൾ തിരസ്കരിക്കാനും അവനെ കൈവിടാനും ആർക്കും കഴിയില്ല. നാഥാ, നിന്നെ ആശ്രയിക്കാതെ ആർക്കും ജീവിക്കുക സാധ്യമല്ല." (ബുഖാരി)

മറ്റൊരിക്കൽ നബി (സ) സ്തുതിച്ചത് ഇപ്രകാരമാണ്: "ഞങ്ങൾക്ക് ആഹാരപാനീയങ്ങൾ തരുകയും ഞങ്ങളെ മുസ്‌ലിംകളാക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി" (തിർമിദി, അബൂദാവൂദ്)

ഒരു നായക്കോ പൂച്ചക്കോ ഭക്ഷണം നൽകിയാൽ അവ സ്നേഹവും നന്ദിയും പ്രകടിപ്പിക്കുന്നത് നാം കാണാറുണ്ടല്ലോ. എന്നാൽ മനുഷ്യരായ നാമോ? വയറുനിറയെ കഴിച്ച് വലിയ ഏമ്പക്കവും വിട്ട് ഭക്ഷണത്തിനു മുമ്പിൽ നിന്ന് എഴുന്നേറ്റ് പോകലാണ് പതിവ്. മാത്രവുമല്ല നമുക്ക് മറ്റു വല്ലവരും ഭക്ഷണം വാങ്ങിച്ചു തന്നാൽ അവന് വലിയ വായിൽ നന്ദിയും കടപ്പാടും പറയും, അതിന്റെ യഥാർഥ അവകാശിയും നന്ദിക്കും സ്തുതിക്കും അർഹനായവനും അപ്പോഴും പടിക്ക് പുറത്ത്! പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, മാംസത്തിനും മറ്റും ഉപയോഗിക്കുന്ന കാലികൾ,വെള്ളം മുതലായവ വേണ്ടുവോളം ഉപയോഗിക്കുമ്പോഴും അന്നദാതാവിന് നന്ദികാണിക്കാത്തത് ഖുർആൻ സഗൗരവം വിമർശിക്കുന്നു (56: 63-70, 36: 33-35).

ഒരു വിത്ത് മണ്ണിൽ കുഴിച്ചിട്ട് നനച്ചുകൊടുക്കുക മാത്രമാണ് കർഷകൻ ചെയ്യുന്നത്. എന്നാൽ ആ വിത്തിനെ പിളർത്തി അതിൽ നിന്ന് നാമ്പ് പുറത്ത് വന്ന് ഇലകളും ചില്ലകളും പൂക്കളും കായ് കനികളുമെല്ലാം നമുക്ക് ലഭ്യമാകുന്നത് അല്ലാഹുവിന്റെ മാത്രം കഴിവുകൊണ്ടാണ്. ഈ അനുഗ്രഹം ഒരിക്കലും നാം വിസ്മരിക്കാവതല്ല.

ഇസ്റാഈല്യർക്ക് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ മന്നായും സൽവായും വർഷിച്ചു കൊടുക്കുകയും അവസാനം അവർ അതിനോട് നന്ദികേട് കാണിക്കുകയും ചെയ്തതിന്റെ ഫലമായി അവർ നിന്ദ്യതയിലും ദൈന്യതയിലും ദാരിദ്ര്യത്തിലും അരിഷ്ടതകളിലും അകപ്പെട്ട ചരിത്രം സൂറ:*അൽ ബഖറ* 61-ൽ പറയുന്നു. വിശ്വാസികളായ രണ്ടു ചെറുപ്പക്കാരിൽ ഒരാൾക്ക് അല്ലാഹു രണ്ടു മുന്തിരിത്തോപ്പുകൾ നൽകുകയും അവസാനം അത് വിളഞ്ഞ് പാകമായപ്പോൾ അവ നൽകിയ സ്രഷ്ടാവിന് നന്ദി കാണിക്കുന്നതിനു പകരം അവയെല്ലാം സ്വകരങ്ങളാലും കഴിവിനാലും ഉണ്ടായതാണെന്ന് അഹന്ത നടിക്കുകയും ചെയ്തതിന്റെ ഫലമായി ആ തോട്ടത്തെ വേരോട് കൂടി പിഴുതെറിഞ്ഞ ചരിത്രം സൂറ: അൽ കഹ്ഫ് 32 മുതൽ 44 വരെയുള്ള വചനങ്ങളിലും വിവരിക്കുന്നുണ്ട്.

ഈ രണ്ട് സംഭവങ്ങളും നമ്മെ പഠിപ്പിക്കുന്നത് അല്ലാഹു നമുക്ക് കനിഞ്ഞരുളിയ ഭക്ഷണ പദാർഥങ്ങൾ ഉപയോഗിക്കുമ്പോൾ അവ നൽകിയ അല്ലാഹുവിനെ നന്ദിയോടെ സ്മരിക്കണമെന്നും, അല്ലാത്ത പക്ഷം അവ നമ്മുടെ നാശത്തിനു തന്നെ ഹേതുവാകുമെന്നുമാണ്. നന്ദി പറയുക എന്നത് കൊണ്ട് അർഥം വാക്കാൽ 'അൽഹംദുലില്ലാഹ്'എന്ന് പറയൽ മാത്രമല്ല. നമ്മുടെ ഭക്ഷണത്തിൽ മറ്റുള്ളവരുടെ കൂടി അവകാശങ്ങൾ വകവെച്ച് കൊടുത്തുകൊണ്ടും, ചുരുങ്ങിയത് കറിയിൽ അൽപം വെള്ളം ചേർത്തെങ്കിലും ദരിദ്രരും അഗതികളുമായ സഹജീവികൾക്ക് അത് പങ്കുവെച്ചുമാണ് നന്ദിപ്രകടനത്തെ അതിന്റെ പൂർണതയിലെത്തിക്കേണ്ടത്. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടിണിയും ദാരിദ്ര്യവും കാണപ്പെടുന്നത്, ഒരു പക്ഷേ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തിരസ്കരിച്ചുകൊണ്ട് മനുഷ്യൻ തൻപോരിമയും അഹന്തയും നടിക്കുന്നതിന്റെ ഫലമായാണോ എന്ന്പോലും സംശയിക്കേണ്ടിയിരിക്കുന്നു. ഭക്ഷണ കാര്യത്തിലുള്ള അപമര്യാദയും ധൂർത്തും നമ്മുടെ നാശമാണ് വിളിച്ചു വരുത്തുന്നത്.

ഭക്ഷണാനന്തരം അല്ലാഹുവെ ആത്മാർഥമായി സ്തുതിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നത് നമ്മുടെ പാപങ്ങൾ അല്ലാഹു പൊറുത്തുതരാൻ കാരണമാകുമെന്ന് ഹദീസിൽ കാണാം. അനസ് (റ) തന്റെ പിതാവിൽ നിന്ന്: നബി (സ) പറഞ്ഞു:"എന്റെ കഴിവോ ശക്തിയോ കൂടാതെ ഈ വിഭവം എനിക്ക് നൽകുകയും എന്നെ ഭക്ഷിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി എന്ന് ഭക്ഷണ ശേഷം ആരെങ്കിലും പറഞ്ഞാൽ അവന്റെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (അബൂ ദാവൂദ്). ■